# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **ജൂൺ 13** <br> **June 13** | **2020** |

**1195 ഇടവം 30 ശനി**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**രാത്രി യാത്രാ വിലക്ക് കർശനമായി പാലിക്കണം**

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദേശപ്രകാരം രാത്രി ഒൻപതു മുതൽ രാവിലെ അഞ്ചു വരെ ഏർപ്പെടുത്തിയ യാത്രാ വിലക്ക് കർശനമായി പാലിക്കണമെന്ന് കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് ഭല്ല സംസ്ഥാനങ്ങളോട് നിർദേശിച്ചു. ആളുകൾ കൂട്ടം കൂടുന്നത് തടയാനും സാമൂഹിക അകലം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താനുമാണ് രാത്രി യാത്രാ നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, ചരക്കു വാഹനങ്ങൾക്കും, ട്രെയിൻ, ബസ്, വിമാന മാർഗങ്ങളിൽ നാട്ടിലേക്ക് വരുന്നവർക്കും ഈ വിലക്കിൽ ഇളവുകൾ അനുവദിച്ചിട്ടു ്. ഇവരുടെ ഗതാഗതത്തിന് തടസങ്ങൾ ഉ ാകരുതെന്നും കേന്ദ്ര ആഭ്യന്തര സെക്രട്ടറി അറിയിച്ചു. (പിഎൻപി 2578/20)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂൺ 13<br>June 13 | 2020 |
|---|---|

**1195 ഇടവം 30 ശനി**

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ആനയടി കൂടൽ റോഡിന്റെ നിർമാണം ഉടൻ പുനരാരംഭിക്കും : ചിറ്റയം ഗോപകുമാർ എംഎൽഎ**

ആനയടി കൂടൽ റോഡിന്റെ നിർമാണം ഉടൻ പുനരാരംഭിക്കുമെന്ന് ചിറ്റയം ഗോപകുമാർ എം എൽ എ പറഞ്ഞു. ലോക്ഡൗൺ മൂലം മുടങ്ങി കിടക്കുന്ന റോഡ് നിർമാണം പുനരാരംഭിക്കുന്നതിനു മുന്നോടിയായി ചിറ്റയം ഗോപകുമാർ എംഎൽഎ, പൊതുമരാമത്ത് റോഡ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ ഷീന രാജൻ, അസി. എക്സിക്യുട്ടീവ് എൻജിനീയർ റസീന, എൻജിനീയർ മുരുകേശ് എന്നിവർ സ്ഥലം സന്ദർശിച്ചു.

റോഡിന്റെ വശത്ത് ഓട നിർമാണം, കലുങ്ക് നിർമാണം, വശങ്ങൾ കെട്ടി സംരക്ഷിക്കൽ എന്നിവ ജൂൺ 15 മുതൽ ആരംഭിക്കും. ആനയടി മുതൽ കൂടൽ വരെ വൈദ്യുതി പോസ്റ്റുകളും, ട്രാൻസ്ഫോർമറുകളും, വാട്ടർ അതോറിറ്റി പൈപ്പ് ലൈനും മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് കിഫ്ബിക്ക് നൽകിയിട്ടു ്. അടിയന്തിരമായി ഭരണാനുമതി ലഭിക്കുന്നതിന് ധനമന്ത്രിക്ക് കത്തു നൽകുമെന്നും ചിറ്റയം ഗോപകുമാർ എംഎൽഎ പറഞ്ഞു. (പിഎൻപി 2579/20)

**ഫോട്ടോ അടിക്കുറിപ്പ്- ആനയടി കൂടൽ റോഡ്-**

ആനയടി കൂടൽ റോഡിന്റെ നിർമാണം പുനരാരംഭിക്കുന്നതിനു മുന്നോടിയായി ചിറ്റയം ഗോപകുമാർ എംഎൽഎയുടെ നേതൃത്വത്തിൽ സ്ഥലം സന്ദർശിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.







## പത്തനംതിട്ട ജില്ല
## കോവിഡ് 19 കൺട്രോൾ സെൽ ബുള്ളറ്റിൻ
## തീയതി.13.06.2020

.......................................................................................

പത്തനംതിട്ട ജില്ലയിൽ ഇന്ന് (13) ഒരാൾക്ക് കോവിഡ്-19 സ്ഥിരീകരിച്ചു.
ജൂൺ അഞ്ചിന് ഖത്തറിൽ നിന്നും എത്തിയ പ്രക്കാനം സ്വദേശിയായ 25 വയസുകാരനാണ് ഇന്ന് (13) രോഗം സ്ഥിരീകരിച്ചത്. ജില്ലയിൽ ഇതുവരെ ആകെ 129 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. കോവിഡ്-19 മൂലം ജില്ലയിൽ ഇതുവരെ ഒരാൾ മരണമടഞ്ഞിട്ടു ്.

ജില്ലയിൽ ഇന്ന് (13) ഒരാൾ രോഗവിമുക്തനായി. ആകെ രോഗമുക്തരായവരുടെ എണ്ണം 39 ആണ്. നിലവിൽ ജില്ലയിൽ 89 പേർ രോഗികളായിട്ടു ്. ഇതിൽ 85 പേർ ജില്ലയിലും, നാലു പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്. ജനറൽ ആശുപത്രി പത്തനംതിട്ടയിൽ 40 പേരും, ജില്ലാ ആശുപത്രി കോഴഞ്ചേരിയിൽ നാലു പേരും, ജനറൽ ആശുപത്രി അടൂരിൽ നാലു പേരും, സിഎഫ്എൽടിസി റാന്നി മേനാംതോട്ടം ആശുപത്രിയിൽ 47 പേരും ഐസൊലേഷനിൽ ഉ ്.

സ്വകാര്യ ആശുപത്രികളിൽ 14 പേർ ഐസൊലേഷനിൽ ഉ ്. ജില്ലയിൽ ആകെ 109 പേർ വിവിധ ആശുപത്രികളിൽ ഐസോലേഷനിൽ ആണ്. ഇന്ന് (13) പുതിയതായി ഏഴു പേരെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു. ജില്ലയിൽ 103 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 3303 പേരും വിദേശത്തുനിന്നും തിരിച്ചെത്തിയ 1030 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് (13) തിരിച്ചെത്തിയ 136 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് (13) എത്തിയ 247 പേരും ഇതിൽ ഉൾപ്പെടുന്നു.

ആകെ 4436 പേർ നിരീക്ഷണത്തിലാണ്. ജില്ലയിൽ വിദേശത്തുനിന്നും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തുന്നവരെ താമസിപ്പിക്കുന്നതിന് 129 കോവിഡ് കെയർ സെന്ററുകൾ സജ്ജീകരിച്ചിട്ടു ്. ഇവയിൽ നിലവിൽ 957 പേർ താമസിക്കുന്നു ്.

ജില്ലയിൽ നിന്ന് ഇന്ന് (13) 231 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടു ്. ഇതുവരെ ജില്ലയിൽ നിന്നും 10696 സാമ്പിളുകൾ

ആണ് പരിശോധനയ്ക്കായി അയച്ചിട്ടുള്ളത്.
ജില്ലയിൽ ഇന്ന് (13) 217 സാമ്പിളുകൾ നെഗറ്റീവായി റിപ്പോർട്ട് ചെയ്തു. ഇന്നു(13)വരെ അയച്ച സാമ്പിളുകളിൽ 125 എണ്ണം പൊസിറ്റീവായും 9834 എണ്ണം നെഗറ്റീവായും റിപ്പോർട്ട് ലഭിച്ചിട്ടു ്. 487 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.

സാമൂഹവ്യാപനം ക ത്തുന്നതിന്റെ ഭാഗമായി റാപ്പിഡ് ആന്റിബോഡി ടെസ്റ്റിനായി വിവിധ ആശുപത്രികളിൽ നിന്നും ഇന്ന് (13) 19 സാമ്പിളുകൾ പരിശോധനയ്ക്ക് എടുത്തു. ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 32 കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 124 കോളുകളും ലഭിച്ചു.
ഇന്റഗ്രേറ്റഡ് വോയിസ് റസ്പോൺസ് സിസ്റ്റത്തിൽ ഇന്ന് (13) ര ു കോളുകൾ ലഭിച്ചു. (ഫോൺ നമ്പർ9205284484). ഇവ ര ും കൺട്രോൾ റൂമുമായി ബന്ധപ്പെട്ടതായിരുന്നു.

ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന്(13) 1006 കോളുകൾ നടത്തുകയും, 91 പേർക്ക് കൗൺസലിംഗ് നൽകുകയും ചെയ്തു. ഇന്ന് നടന്ന പരിശീലന പരിപാടിയിൽ ഒരു ഡോക്ടറും, 15 നഴ്സുമാരും, 21 മറ്റ് ജീവനക്കാരും ഉൾപ്പെടെ ആകെ 37 പേർക്ക് കോവിഡ് അവയർനസ് പരിശീലനം നൽകി. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ദൈനംദിന അവലോകനയോഗം വൈകുന്നേരം 4.30 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്നു. പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ കൂടി.